
# സാക്ഷ്യം വോയ്സ്

വാല്യം : 9
ലക്കം : 4
മെയ് – ജൂലൈ 2021



## മലങ്കരയുടെ സൂര്യതേജസ്

## ദൈവദാസൻ മാർ ഈവാനിയോസ്

# വി.അൽഫോൻസാമ്മ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...

**28 ജൂലൈ**




## അൽഫോൻസാമ്മയുടെ പ്രാർത്ഥന

**ഓ! ഈശോനാഥാ! അങ്ങേ ദിവ്യഹൃദയത്തിലെ മുറിവിൽ എന്നെ മറയ്ക്കണമേ. സ്നേഹിക്കപ്പെടുവാനും വിലമതിക്കപ്പെടുവാനുമുള്ള എന്റെ ആശയിൽ നിന്ന് എന്നെ വിമുക്തയാക്കണമേ. കീർത്തിയും ബഹുമാനവും സമ്പാദിക്കുവാനുള്ള ദുഷിച്ച ഉദ്യമത്തിൽ നിന്ന് എന്നെ രക്ഷിക്കേണമേ. ഒരു പരമാണുവും അങ്ങേ ദിവ്യഹൃദയത്തിലെ സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ. സൃഷ്ടികളെയും എന്നെത്തന്നെയും മറന്നു കളയുന്നതിനുള്ള അനുഗ്രഹം എനിക്കു തരണമേ. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയേ, ലൗകികാശ്വാസങ്ങളെല്ലാം എനിക്കു കയ്പ്പായി പകർത്തണമേ. നീതിസൂര്യനായ എന്റെ ഈശോയേ, നിന്റെ ദിവ്യ കതിരിനാൽ എന്റെ ബോധത്തെ തെളിയിച്ച് ബുദ്ധിയെ പ്രകാശിപ്പിച്ച് ഹൃദയത്തെ ശുദ്ധീകരിച്ച് നിന്റെ നേർക്കുള്ള സ്നേഹത്താൽ എരിയിച്ച് എന്നെ നിന്നോടൊന്നിപ്പിക്കേണമേ.**

**ആമേൻ.**



# സാന്തോം
## വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

2021 മെയ് - ജൂലൈ
വാല്യം : 9, ലക്കം : 4

Published By :

Chancellor :
Rev.Dr.Joshy Vazhappillethu

**Eparchy of Pathanamthitta**

Email :

santhomptabulletin@gmail.com



ഉള്ളടക്കം

1. സർക്കുലർ...................... 03
2. സർക്കുലർ...................... 08
3. സർക്കുലർ...................... 10
4. സർക്കുലർ...................... 15
5. സർക്കുലർ...................... 21
6. രൂപതാ വാർത്തകൾ........... 26
7. സോഷ്യൽ സർവ്വീസ്........... 37
8. എം.സി.വൈ.എം............. 39
9. എം.സി.എ.................... 41
10. വിശ്വാസധാര................. 45
11. സെമിനാരി.................... 46
12. ട്രൈബ്യൂണൽ വാർത്തകൾ. 47

# കുടുംബദിനാശംസകൾ



05

ജൂലൈ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

To Unite In Love

Prot. No. CPL 1/2021

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശ
ത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

**ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്**
**മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മപ്പെരുന്നാൾ**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായതിന്റെ 90-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ഈ ദൈവപരിപാലനയ്ക്ക് ഉപകരണമാക്കിയ നമ്മുടെ പുണ്യപിതാവ് ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാമത് ഓർമ്മപ്പെരുന്നാൾ നാം സഭയായി 2021 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിക്കുകയാണ്. കോവിഡ്-19 ന്റെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന രീതിയിലാണ് ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നത്.

1. ജൂലൈ 1 മുതൽ രാവിലെ മുതൽ പട്ടത്ത് കബറിങ്കൽ പ്രാർത്ഥിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19 ന്റെ നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഒരേ സമയം 15 പേർക്ക് മാത്രമേ കബർ ചാപ്പലിൽ പ്രവേശിച്ച് പ്രാർത്ഥിക്കുന്നതിന് അനുവാദമുള്ളൂ. അത് കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.
2. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രലിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ, സാധിക്കുന്നിടത്തോളം, ഓരോ ദിവസവും കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുന്നതും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. (Malankara CatholicTV) Live Streaming ഉണ്ടായിരിക്കും.
3. ഓർമ്മപ്പെരുന്നാൾ ദിനങ്ങളുടെ ഒന്നാം ദിവസം ജൂലൈ 1-ന് വൈകുന്നേരം 5.00 ന് പട്ടം, കത്തീഡ്രലിൽ ഞാൻ വി. കുർബാന അർപ്പിക്കും.
4. ജൂലൈ 10-ാം തീയതി രാവിലെ 7 മണിക്ക് റാന്നി-പെരുനാട് ഇടവക ദൈവാലയത്തിൽ ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. 15 പേരടങ്ങുന്ന സമൂഹം വി. കുർബാനയിൽ സംബന്ധിക്കുന്നതാണ്.
5. ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും ജൂലൈ 14 ചൊവ്വാഴ്ചയിലെ സന്ധ്യാനമസ്കാരവും ധൂപപ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും തുടർന്ന് ജൂലൈ 15 വ്യാഴാഴ്ച പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളും മലങ്കര കാത്തലിക് ടിവി Youtube channel (www.youtube.com/c/malankaracatholictv) വഴി തൽസമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. ജൂലൈ 15-ന് രാവിലെ 8 മുതൽ

പട്ടത്ത് കത്തീഡ്രലിൽ ഉള്ള വി. കുർബാനയും ശുശ്രൂഷകളും ഷെക്കെയ്ന ടെലിവിഷൻ ചാനൽ പ്രത്യേകം സംപ്രേഷണം ചെയ്യുന്നതാണ്.

6. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15-ാം തീയതി രാവിലെ 8.00-മണിക്ക് പ്രഭാതനമസ്കാരം, ആഘോഷമായ പൊന്തിഫിക്കൽ കുർബാന, കബറിങ്കൽ ധൂപപ്രാർത്ഥന എന്നിവയുണ്ടായിരിക്കുന്നതാണ്. കോവിഡ്-19 ന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ മറ്റ് ബഹു. വൈദികർക്ക് ഈ വർഷവും വി. കുർബാനയിൽ സഹകാർമ്മികരാകുവാൻ സാധിക്കുകയില്ലാ എന്ന വിവരം ഖേദത്തോടെ ഞാൻ അറിയിക്കുന്നു.

7. എല്ലാ വർഷവും പെരുനാട് മുതൽ പട്ടം കത്തീഡ്രൽ വരെ നടത്തിവരുന്ന തീർത്ഥാടന പദയാത്ര ഈ വർഷം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. അനൗദ്യോഗിക ചെറുപദയാത്രകളും ഉണ്ടായിരിക്കുന്നതല്ല.

8. കബറിങ്കൽ നടന്നുവന്നിരുന്ന 'മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി', കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, Zoom ആപ്ലിക്കേഷൻവഴി 2021 ജൂലൈ 1 മുതൽ എല്ലാദിവസവും രാവിലെ 11 മുതൽ 12 മണിവരെ, ഇനി കബറിങ്കൽ നേരിട്ട് സമ്മേളിക്കാൻ സാധിക്കുന്നതുവരെ തുടരുന്നതായിരിക്കും. സഭാതല സുവിശേഷ സംഘമാണ് ഈ പ്രെയർ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നത്. (Zoom Meeting ID:89341569368, Passcode: 200625). പ്രാർത്ഥനാ നിയോഗങ്ങൾ അറിയിക്കാനുള്ള ഫോൺ നമ്പർ : 8281512877.

9. ഓർമ്മപ്പെരുന്നാൾ കഴിഞ്ഞുവരുന്ന ജൂലൈ 18-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും ദൈവദാസന്റെ

68-ാം ഓർമ്മപ്പെരുന്നാൾ സമുചിതമായി വി. കുർബാന, ധൂപ പ്രാർത്ഥന ഇവ നടത്തി ആഘോഷിക്കേണ്ടതാണ്.

10. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രത്യേക നോമ്പുകാലമായി നമ്മുടെ സഭ അനുശാസിക്കുന്നതനുസരിച്ച് നോമ്പിന്റെ അരൂപിയിൽ ഈ 15 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വർജ്ജനയുടെയും അരൂപിയിൽ സാധിക്കുന്നിടത്തോളം ഏവരും ആയിരിക്കേണ്ടതുമാണ്.

11. ദൈവസന്നിധിയിലേക്ക് യാത്രയായ ബഹുമാനപ്പെട്ട സൈമൺ എലുവത്തിങ്കൽ അച്ചൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് തയ്യാറാക്കിയ വീഡിയോ പ്രഭാഷണങ്ങൾ 2021 ജൂലൈ 1 മുതൽ 2022 ജൂലൈ 1 വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 12.00 മണിക്ക് മലങ്കര കാതലിക് ടി.വി.യിലൂടെ സംപ്രേക്ഷേപണം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട വൈദികർ ഇക്കാര്യം ഇടവക ജനങ്ങളെ അറിയിക്കുകയും എല്ലാവരും ഒരുക്കത്തോടെ ഇത് കേൾക്കാൻ വേണ്ട പ്രോത്സാഹനം നൽകേണ്ടതുമാണ്.

12. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിനമായ ജൂലൈ 3-ാം തീയതി നോമ്പ് ഉണ്ടായിരിക്കുന്നതല്ല. ആഘോഷമായ പെരുന്നാൾ ദിനമായി ആ ദിനം ഏവരും ആഘോഷിക്കേണ്ടതാണ്.


വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുവാൻ നമ്മുടെ കർത്താവിൽ നിന്നും ലഭിച്ച താലന്തുകളെ ദൈവമഹത്വത്തിനും മനുഷ്യ സേവനത്തിനുമായി പ്രതിഷ്ഠിച്ചുകൊണ്ട് ജീവിച്ച നമ്മുടെ വന്ദ്യപിതാവിനെ മാതൃകയായും മദ്ധ്യസ്ഥനായും ആഗോളസഭയ്ക്ക് ലഭിക്കുന്നതിനായി

നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ദൈവദാസന്റെ വിശുദ്ധപദനാമ കരണ നടപടികൾ റോമിൽ പുരോഗമിക്കുന്നു. സഭാംഗങ്ങളായ നിങ്ങൾ ഏവരുടേയും ഹൃദയം നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നുള്ള നടപടികളെ ഏറെ ഫലദായകമാക്കും. 68-ാം ഓർമ്മപ്പെരുന്നാൾ സഭാ തലത്തിൽ ആഘോഷിക്കുന്നതിന് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഏറെ തടസ്സങ്ങൾ നേരിടുന്നുവെങ്കിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകകളിലും ഹൃദ്യമായും തീവ്രമായും നമുക്ക് വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥംതേടി പ്രാർത്ഥിക്കാം, നാമകരണ നടപടി കളുടെ വിജയത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ദൈവ ദാസന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

23.06.2021

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം.

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

# THE SYRO-MALANKARA CATHOLIC CHURCH
## EPARCHY OF PATHANAMTHITTA

**Most Rev.Samuel Mar Irenios**
Bishop Of Pathanamthitta

**Catholic Bishop's House**
Pathanamthitta- 689 645
Ph : 04682-223100, 2223200

## സർക്കുലർ

ബഹു അച്ചന്മാരേ, സിസ്റ്റേഴ്സ്, സഹോദരങ്ങളെ,

സുഖമായിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു. അതിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഒരു പ്രത്യേക കാര്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ കോവിഡ് രോഗബാധിതനായി 2021 ഏപ്രിൽ 16 മുതൽ ഡൽഹി ഹോളി ഫാമിലി ആശുപത്രിയിൽ ചികിത്സ നേടിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ അനന്തരകരുണയാൽ വന്ദ്യ പിതാവ് ആരോഗ്യവാനായി വരുന്നു. ഇന്ത്യയുടെ വടക്കൻ മേഖലകളിൽ പുതിയ മിഷനുകൾ സ്ഥാപിച്ച് അത്ഭുതപൂർവ്വമായ വളർച്ചയാണ് ഗുഡ്ഗാവ് രൂപത നേടിക്കൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിൽ വന്ദ്യ പിതാവിന്റെ രോഗാവസ്ഥ രൂപതയെ വല്ലാതെ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്.

അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ രോഗാവസ്ഥയിൽ രൂപതയക്ക് നേതൃത്വം നല്കാൻ ബഹു. വിനയാനന്ദ് ഒ. ഐ. സി അച്ചൻ നിയമിതനായിരിക്കുന്നു. വന്ദ്യ പിതാവ് ആശുപത്രിയിൽ ആയിരിക്കുന്നതിനാൽ രൂപതയുടെ സാമ്പത്തിക കാര്യങ്ങൾ ഞെരുക്കത്തിലാണ്. നമ്മുടെ അടിയന്തിര ശ്രദ്ധയും പ്രാർത്ഥനയും സഹകരണവും ഈ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്.

ആയതിനാൽ നമ്മുടെ ഹൃദയംഗമമായ പ്രാർത്ഥനകളിലൂടെ ഗുഡ്ഗാവ് രൂപതയെ നമുക്ക് ശക്തിപ്പെടുത്താം. അതോടൊപ്പം, നമ്മുടെ കഴിവുള്ള എല്ലാ കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനാ കൂട്ടായ്മകളും സ്ഥാപനങ്ങളും പ്രേക്ഷിതവേദികളും ഇടവകകളും സാധ്യമായ രീതിയിൽ സാമ്പത്തിക സഹായം ചെയ്ത് ഗുഡ്ഗാവ് രൂപതയെ സഹായിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ രൂപതകളും ഇപ്രകാരം ധനസമാഹരണ നടത്തുന്നുണ്ട്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ധനസമാഹരണം നടത്തി ഒരുമിച്ച് ആ തുക ഗുഡ്ഗാവ് രൂപതയ്ക്ക് നല്കാനാണ് ആഗ്രഹിക്കുന്നത്. **2021 ജൂലൈ 5 ന് മുമ്പായി ഈ തുക പ്രൊക്യുറേറ്റർ ഓഫീസിൽ ഏല്പിച്ച് രസീത് വാങ്ങുകയോ താഴെ തന്നിരിക്കുന്ന അക്കൗണ്ടിൽ അയക്കുകയോ ചെയ്യണം.** ഇത് സാംബന്ധിച്ച കണക്കുകൾ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ നിയോഗത്തിനായി ഏവരുടെയും സഹകരണവും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ആത്മാർത്ഥമായ പിന്തുണയും പ്രതീക്ഷിക്കുന്നു. ഇതു നമ്മുടെ സഭാത്മകമായ പ്രേക്ഷിത ദൗത്യമായി കണ്ട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ...

സ്നേഹത്തോടെ

പത്തനംതിട്ട

16 ജൂൺ 2021

**✠ഡോ.സാമുവേൽ മാർ ഐറേനിയോസ്**

പത്തനംതിട്ട മെത്രാപ്പോലീത്താ

**ACCOUNT DETAILS**
**CATHOLIC DIOCESE OF PATHANAMTHITTA**
**SOUTH INDIAN BANK LTD**
**A/C.NO.0353053000005663**
**IFSC CODE - SIBL 0000316**

Ref: 3529/K-5/KCBC/OL/DS 24.06.2021

## യുവജനദിനം 2021, ജൂലൈ 4, ഞായർ
## കെ.സി.ബി.സി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണ പങ്കാളിത്തവും, 'ഫ്രത്തേലിതുത്തി' അനുബന്ധ പഠനങ്ങൾ' എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്ര

ഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണ പ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളൊടെയുള്ള മാധ്യമ വിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

## യുവജനങ്ങൾ കാവൽക്കാർ

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവ

നിൽ അനുരുക്തരായും യുവജനസമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോക

ത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനംകൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന"

(ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്യൂത്ത്, സിഎൽസി, മിജാർക്ക്, അകഇഡഎ, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

Ref:3528/K-5/KCBC/OL/DS 21.06.2021

## കേരള കത്തോലിക്കാ മെത്രാൻസമിതി വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന സർക്കുലർ

"കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപ്പെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ" (ജറെ 17:14) എന്ന ജറെമിയ പ്രവാചകന്റെ പ്രാർത്ഥനപോലെ നിരന്തരം ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് കോവിഡ്-19 എന്ന മഹാമാരിയെ നമ്മൾ നേരിടുകയാണ്. സൗഖ്യദായകനായ കർത്താവ് നമ്മെയും ലോകജനത മുഴുവനെയും ഒരിക്കലും കൈവെടിയുകയില്ല എന്ന പ്രത്യാശയാണ് നമ്മെ നയിക്കുന്നത്.

മഹാവ്യാധിയുടെ ഈ കാലത്ത് നമ്മുടെ പ്രിയപ്പെട്ട പലരും ഇഹലോകത്തുനിന്നു യാത്രയായി. അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്ന്യസ്തർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഉപകാരികൾ തുടങ്ങി പലരുടെയും വേർപാട് വലിയ നൊമ്പരം നമ്മിൽ സൃഷ്ടിച്ചിട്ടുണ്ട്. അവരുടെയെല്ലാവരുടെയും ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. നിത്യജീവന്റെ ഉറവിടമായ കർത്താവീശോമിശിഹാ അവരെ സ്വർഗീയ ഭവനത്തിൽ സ്വീകരിക്കട്ടെ. ഉറ്റവരുടെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കുന്നു.

2021 ജൂൺ ഒന്നു മുതൽ മൂന്നു വരെ തീയതികളിലായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വർഷകാല സമ്മേളനം ഓൺലൈൻ സംവിധാനം വഴി നടത്തി. പിതാക്കന്മാർ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത സമ്മേളനത്തിൽ, കോവിഡുകാലത്തെ സഭാശുശ്രൂഷകളെ

സംബന്ധിച്ചു ദീർഘമായി ചർച്ച ചെയ്തു. കേരളത്തിലെ കത്തോലിക്കാസഭയും ഇതരസഭകളും അവയുടെ സാമൂഹ്യക്ഷേമവിഭാഗങ്ങളും സംയുക്തമായും അല്ലാതെയും നടത്തിവരുന്ന പ്രവർത്തനങ്ങളെല്ലാം തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് മെത്രാൻസമിതി വിലയിരുത്തി. കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാസഭയുടെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിർവഹിച്ചുപോരുന്ന സാമൂഹ്യ ശുശ്രൂഷാപ്രവർത്തനങ്ങൾ ഇതിനോടകം പൊതുസമൂഹം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്തിട്ടുണ്ട്. കേരളസർക്കാരും സമൂഹത്തിലെ ഇതരസംവിധാനങ്ങളും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഭയാശങ്കകൾ വെടിഞ്ഞ് കൂടുതൽ ജാഗ്രതയോടും പ്രാർത്ഥനയോടുംകൂടെ രോഗ പ്രതിരോധ നിവാരണ പ്രവർത്തനങ്ങളിൽ നമുക്കു മുന്നേറാം.

കെ.സി.ബി.സി.യുടെ സമ്മേളനത്തിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1. കോവിഡുകാലം നമ്മുടെ അജപാലന പ്രവർത്തനങ്ങൾ എളുപ്പമല്ലാതാക്കിയിരിക്കുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ടുതന്നെ നാം സ്വീകരിച്ചിരിക്കുന്ന നവീനമായ രീതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമമുണ്ടാകണം. വിശുദ്ധ കുർബാനയും ഇതരകൂദാശകളും പരികർമ്മം ചെയ്യുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്ന കാര്യത്തിലുള്ള ജാഗ്രത തുടരണം. ദൈവാലയങ്ങളിലെ തിരുക്കർമങ്ങൾ സാധാരണരീതിയിൽ നടക്കുന്നതുവരെ നവമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും പങ്കുചേരുമ്പോൾ നമ്മുടെ ഭക്തിയും വിശ്വാസവും അനുദിനം ആഴപ്പെടുന്നതിന് ശ്രമമുണ്ടാകണം. ദിവ്യകാരുണ്യ ആരാധന, തിരുവചന ധ്യാനം, ജപമാല, നൊവേന തുടങ്ങി വിശ്വാസിസമൂഹത്തിന്റെ ആത്മീയമായ വളർച്ചയ്ക്ക്

ഉപകരിക്കുന്ന ഭക്ത്യാഭ്യാസങ്ങൾ സമൂഹമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തുടരുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം. അജപാലകരും വിശ്വാസിസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് നവമാധ്യമങ്ങളും ഇതര സംവിധാനങ്ങളും പ്രയോജനപ്പെടുത്തണം. ഡിജിറ്റൽ പ്ലാറ്റുഫോമുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബയൂണിറ്റ് യോഗങ്ങൾ സംഘടിപ്പിക്കുകയും യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണം. ഇടവകതലത്തിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളും സാമൂഹ്യശുശ്രൂഷകളും കൂടുതൽ തീക്ഷ്ണതയോടും ജാഗ്രതയോടുംകൂടി നിർവഹിച്ചുകൊണ്ട്പരസ്പരം കരുതലുള്ള സമൂഹമായി മുന്നേറണം.

2. സഭയുടെ അജപാലന ശുശ്രൂഷയുടെ മുഖ്യകേന്ദ്രമായ കുടുംബങ്ങൾ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും പ്രഥമവേദിയാണെന്നുള്ളത് നാം മറക്കരുത്. കുടുംബങ്ങളിൽ അനുദിനം കുടുംബപ്രാർത്ഥനകളും ദൈവവചനപാരായണവും മുടങ്ങാതെ നിർവഹിക്കണം. നവമാധ്യമങ്ങൾ വഴിയുള്ള കൂദാശകളിലും മറ്റു തിരുക്കർമ്മങ്ങളിലും സാധിക്കുന്നിടത്തോളം കുടുംബസമേതം പങ്കുചേരാൻ പരിശ്രമിക്കണം. കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ട ഒരുകാലം കൂടിയാണിത്. ശിഥിലമായ ബന്ധങ്ങൾ കൂട്ടിയോജിപ്പിക്കാനും മനസിലെ മുറിവുകൾ ഉണക്കാനും ശ്രമങ്ങൾ ഉണ്ടാകണം. വൃദ്ധരായ മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നല്കുകയും അവരുടെ ആവശ്യങ്ങളോട് സ്നേഹവായ്പോടെ പ്രതികരിക്കുകയും വേണം. ഇടവകതലത്തിലുള്ള കൗൺസിലിംഗ് സൗകര്യങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കുന്നതു നല്ലതാണ്.

3. കേരളത്തിലെ 32 രൂപതകളിൽ പ്രവർത്തിക്കുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി കേരളത്തിലെ കത്തോലിക്കാസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നുണ്ട്. 2021 മാർച്ച് അവസാനംവരെ ജാതിമതഭേദമെന്യേ 2390322 കുടും

ബങ്ങളിലേക്കും 107029 അതിഥി തൊഴിലാളികളിലേക്കും സഭയുടെ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞു. കേരള സോഷ്യൽ സർവീസ് ഫോറവും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും വിവിധ ഏജൻസികളും സംഘടനകളും ചേർന്ന് ഇതിനായി 654368363 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും മറ്റ് സന്നദ്ധപ്രവർത്തകരുമുൾപ്പെടെ ആയിരക്കണക്കിന് സമരിറ്റൻ വേളന്റിയേഴ്സ് ഈ സേവനരംഗത്തു തുടരുന്നുണ്ട്.

പി.ഒ.സി. കേന്ദ്രീകരിച്ച് കെ.സി.ബി.സി. ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിന്റെയും നേതൃത്വത്തിൽ കോവിഡ് പ്രതിരോധപ്രവർത്തന ഏകോപനസമിതിയും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ വിവിധ കത്തോലിക്കാ ആശുപത്രികളിൽ സേവനം ചെയ്യുന്ന സമർപ്പിതരായ സിസ്റ്റർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ടെലിമെഡിസിൻ സൗകര്യവും നാനൂറോളം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ടെലികൗൺസലിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ രൂപതകളിൽ ഇടവകകൾ കേന്ദ്രീകരിച്ചു ചെയ്തുപോരുന്ന ഹെൽത്ത് ഡെസ്ക് സംവിധാനങ്ങൾക്കു പുറമേയാണിത്. ഓക്സി മീറ്റർ, തെർമോമീറ്റർ, സാനിറ്റൈസർ, മാസ്ക് എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റുകളും രൂപതകൾതോറും ഇടവകകൾക്കും കുടുംബങ്ങൾക്കും നല്കിവരുന്നു. ഇതിനു പുറമേ കേരളത്തിലെ വിവിധ ഇടവകകളും സമർപ്പിതസമൂഹങ്ങളും സംഘടനകളും അതാത് പ്രദേശങ്ങളിൽ ചെയ്തുപോരുന്ന പ്രതിരോധപ്രവർത്തനങ്ങളെ വിലമതിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ മഹാമാരിയെ നേരിടാൻ ജാതിമതഭേദമെന്യേ എല്ലാ സഹോദരങ്ങളെയും ക്രിസ്തുസ്നേഹത്തെപ്രതി സഹായിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കേരളത്തിലെ സഭ പ്രതിജ്ഞാബദ്ധമാണ്.

4. എല്ലാവരും, പ്രത്യേകിച്ച് പൊതുസമ്പർക്കം കൂടുതൽ ഉണ്ടാകേണ്ടി

വരുന്ന വൈദികരും സമർപ്പിതരും യുവജനങ്ങളും മറ്റ് സന്നദ്ധ പ്രവർത്തകരും, കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധവയ്ക്കണം. കൊറോണബാധ അതിന്റെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ടുവരുന്ന മുന്നറിയിപ്പുകളെക്കുറിച്ചും നമ്മൾ ജാഗരൂകരായിരിക്കണം. ഈ വിഷയത്തിൽ നമ്മുടെ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ എല്ലാവരും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. മതബോധനക്ലാസുകൾ ഓൺലൈൻ സംവിധാനംവഴി നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ ഉത്തരവാദിത്വം വഹിക്കുന്നവരും കുടുംബാംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തണം. അതുപോലെ, യുവജനശുശ്രൂഷകൾ കൂടുതൽ സജീവമാകുന്നതിന് ബഹുമാനപ്പെട്ട വികാരിമാരും യുവജനസംഘടനാ നേതൃത്വവും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6. കോവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതദേഹങ്ങൾ സർക്കാർ നല്കിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ദഹിപ്പിക്കുന്നതിനോ സംസ്കരിക്കുന്നതിനോ എല്ലാവരും സഹകരിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ നടപടിക്രമത്തിൽ അനാവശ്യമായ ഭീതിയും തെറ്റിദ്ധാരണകളും ഉണ്ടാകേണ്ടതില്ല.

7. സഭയുടെ എല്ലാ ആശുപത്രികളും ക്ലിനിക്കുകളും ക്രിസ്തീയ ചൈതന്യത്തോടെ പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തരുത്. സാധാരണക്കാർക്ക് ഭാരമാകാത്തവിധം ചികിത്സാചെലവുകൾ പരിമിതമാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. നമ്മുടെ എല്ലാ ആശുപത്രികളിലും വാക്സിൻ സൂക്ഷിക്കുന്നതിനും നല്കുന്നതിനും സംവിധാനമൊരുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം.

8. കോവിഡിനോടൊപ്പം തന്നെ കാലവർഷവും പ്രകൃതിക്ഷോഭവും കടൽകയറ്റവും ചുഴലിക്കാറ്റുമൊക്കെ നമ്മൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ഈ സാഹചര്യങ്ങളിൽ അശരണരെ ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പുലർത്തണം. ദരിദ്രരു

ടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ ശ്രദ്ധ പതിപ്പിക്കണം.

കോവിഡ് മഹാമാരിയെയും ഇതര ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നതിൽ നമ്മൾ പുലർത്തിക്കൊണ്ടിരിക്കുന്ന ജാഗ്രതയിൽ ഭംഗം വരുത്താതിരിക്കാം. പ്രതിസന്ധികളുടെയും ദുരിതങ്ങളുടെയും മധ്യേ ആശ്വാസത്തിന്റെയും പ്രത്യാശയുടെയും കരങ്ങൾ നീട്ടി നമ്മെ അനുഗ്രഹിക്കുന്ന ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

NB: 2021 ജൂലൈ 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി ദിനം 2021

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

"വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമി യിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർഥിക്കുവിൻ" (മത്താ 9. 37-38).

മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി ദിനമായി ഈ വർഷം ആചരിക്കുന്നത് 2021 മേയ് 30-ാം തീയതിയാണ്. തന്റെ ദൈവവിളിയോട് അനിതരസാധാരണമായ ധീരതയോടെ പ്രതിബന്ധത പുലർത്തിയ വി. ജോവാൻ ഓഫ് ആർക്കിനെ കത്തോലിക്കാ സഭ ഓർക്കുന്ന ദിനമാണിത്. ദൈവവിളി തിരിച്ചറിഞ്ഞ് സ്വീകരിക്കുമ്പോൾ നമുക്കു മുന്നിലുയരുന്ന വെല്ലുവിളികളെ കാര്യമാക്കാതെ അവയ്ക്കപ്പുറം നിന്നുകൊണ്ട് നമ്മെ മാടി വിളിയ്ക്കുന്ന ദൈവത്തെ മാത്രം കണ്ടുകൊണ്ട് ദൈവം നയിക്കുന്ന ഇടങ്ങളിലേയ്ക്ക് സധൈര്യം കടന്നു ചെല്ലാനുള്ള പ്രേരണയാണ് വി. ജോവാൻ ഓഫ് ആർക്ക് നമുക്ക് നൽകുന്നത്.

വി. യൗസേപ്പിന് പ്രതിഷ്ഠിതവും കുടുംബ വർഷമായി പ്രഖ്യാപിതവുമായ ഈ വർഷം ദൈവവിളി പ്രാർഥനാദിനം നാം ആചരിക്കുമ്പോൾ കോവിഡ് മഹാമാരി മൂലമുണ്ടാകുന്ന രോഗബാധകളും ജീവ

വായു പോലും ലഭ്യമല്ലാത്ത വേദനാജനകമായ സാഹചര്യങ്ങളും, പ്രിയ ജന വേർപാടുകളും സാമ്പത്തിക പ്രതിസന്ധികളും ഒക്കെ നമ്മെ ഞെരുക്കുന്ന യാഥാർത്ഥ്യങ്ങളായി മുന്നിൽ നിൽക്കുന്നത് നാം കാണുന്നു. ജീവിതത്തിൽ നാം നേരിടുന്ന ഇത്തരം പ്രതിസന്ധികളെ വിശ്വാസ പൂർവം തരണം ചെയ്യാനും മറ്റുള്ളവർക്ക് ദൈവസ്നേഹത്തിന്റെയും പ്രത്യാശയുടെയും നീർച്ചാലുകൾ ഒഴുക്കിക്കൊടുക്കാനും ഉതകുംവിധം നമ്മുടെ ദൈവവിളി പ്രാർഥനാ ദിനത്തിനായി നാം ഒരുങ്ങേണ്ടിയിരിക്കുന്നു. നമുക്കു മുന്നിലുള്ള ഒരു വെല്ലുവിളി കൂടിയാണത്. വി. യൗസേപ്പ് പിതാവിന്റെ ജീവിതത്തിൽ നിന്ന് നമുക്കു വഴികാട്ടാനുതകുന്ന ചില പ്രചോദനാത്മക പാഠങ്ങൾ പരിശുദ്ധ ഫ്രാൻസിസ് പിതാവ് നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നുണ്ട്. ദൈവത്തിന്റെ സ്വപ്നങ്ങൾ തന്റെ സ്വപ്നങ്ങളാക്കി വ്യവസ്ഥയില്ലാത്ത സേവനം ജീവിതമാക്കി വാർത്തകൾ സൃഷ്ടിക്കാത്ത വിശ്വസ്തതയോടെ സാധാരണജീവിതം അസാധാരണമായ ദൈവശുശ്രൂഷയാക്കി മാറ്റിയ വി. യൗസേപ്പ് സമർപ്പിതർക്കും കുടംബജീവിതക്കാർക്കും ഉദാത്ത മാതൃകയാണ്.

ഓരോ വ്യക്തിക്കും തന്റെ ദൈവവിളിയുടെ വഴികളിൽ ഇടറാതെ മുന്നേറാനും മുന്നേറുന്നവർക്ക് പൂർണത പ്രാപിക്കാനും സഹായകമായ ഒരു മാർഗരേഖയായി നമുക്ക് വി. യൗസേപ്പ് പിതാവിന്റെ ഈ മാതൃക സ്വീകരിക്കാവുന്നതാണ്.

യുവതീയുവാക്കൾക്ക് തങ്ങളുടെ ദൈവവിളി വിവേചിച്ചറിയുന്നതിനുള്ള വഴികാട്ടിയായും വി. യൗസേപ്പിതാവിനെ തിരുസഭ നൽകിയിരിക്കുന്നു. ദൈവവിളി തിരിച്ചറിയുക എന്നത് ആത്യന്തികമായി ഓരോ വ്യക്തിയെക്കുറിച്ചുമുള്ള ദൈവഹിതം എന്തെന്ന് തിരിച്ചറിഞ്ഞ് അതിനോട് 'അതേ' എന്നു പറയുന്ന പ്രക്രിയയാണല്ലോ. 'എന്നെക്കുറിച്ചുള്ള ദൈവഹിതം എന്താണ്' എന്ന അന്വേഷണത്തിലായിരിക്കുന്ന ഓരോ യുവാവിനും യുവതിയ്ക്കും വി. യൗസേപ്പ് പിതാവ് ഉത്തമ മാതൃകയാണ്. തന്നെത്തന്നെ സമ്പൂർണമായി ദൈവഹിതത്തിന് സമർപ്പിച്ച

യുവാവാണ് വി.യൗസേപ്പ്. മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് ഏറ്റം അടുത്തു നിൽക്കുകയും അതേസമയം ദൈവഹിതത്തോട് അസാധാരണമാംവിധം 'അതേ' എന്നു പറയുകയും ചെയ്യുന്ന ഈ യുവാവിന് നമ്മുടെ മാനുഷികതയുടെ സാധാരണ സാഹചര്യങ്ങളിലായിരുന്നുകൊണ്ട് ദൈവഹിതത്തോട് സഹകരിക്കാൻ നമ്മെ ഔദാര്യപൂർവം സഹായിക്കുന്നതിനുള്ള സന്നദ്ധതയുണ്ട്. ജീവിതത്തിന്റെ സാധാരണതയോട് അസാധാരണമായ ദൈവഹിതാനുവർത്തിത്വം സംയോജിപ്പിക്കുന്നതിനുള്ള ഏറ്റം നല്ല പാഠശാലയാകാൻ യോഗ്യതയുള്ളത് വി. യൗസേപ്പ് പിതാവിന്റെ ജീവിതം തന്നെയാണ്. സാധാരണ ജീവിതസാഹചര്യങ്ങളിലായിരുന്നുകൊണ്ട്, നമ്മോട് അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോട് സംസാരിക്കുകയും ചെയ്യുന്ന ദൈവത്തെ ശ്രവിക്കുവാനും അവിടുന്ന് വെളിപ്പെടുത്തുന്ന അവിടുത്തെ ഇഷ്ടം വിവേചിച്ചറിയാനും നമ്മെ വി. യൗസേപ്പ് അതീവ സ്നേഹത്തോടെ സഹായിക്കും. കാരണം ദൈവത്തിന്റെ അതിലോലമായ സ്നേഹസ്വരം എത്രയും സൂക്ഷ്മതയോടെ ശ്രവിച്ചറിയാൻ സവിശേഷമായ കൃപയുള്ളവനായിരുന്നു വി. യൗസേപ്പ്. ദൈവം നൽകിയ ചെറിയ പ്രചോദനങ്ങളെപ്പോലും അങ്ങേയറ്റം വ്യക്തതയോടെ തിരിച്ചറിഞ്ഞവനാണ് വി. യൗസേപ്പ്. ദൈവം വി. യൗസേപ്പിനോട് വളരെ മൃദുവായി മാത്രമേ സംവേദിച്ചിരുന്നതായി നാം കാണുന്നുള്ളൂ. താൻ കാണുന്ന സാധാരണ സ്വപ്നങ്ങളിൽ പോലും ദൈവഹിതത്തിന്റെ അനുരണനങ്ങൾ വിവേചിച്ചറിയാനും തന്റെ സ്വപ്നങ്ങളെ ദൈവത്തിന്റെ സ്വപ്നങ്ങളുടെ സ്പന്ദനങ്ങളാക്കി മാറ്റാനും തക്കവിധം അത്രമാത്രം ദൈവത്തോട് അടുത്തവനായിരുന്നു വി. യൗസേപ്പ്. ദൈവത്തോടുള്ള ഈ അടുപ്പം കാരണം, അവിടുത്തെ കൃപയാൽ, നീണ്ടു നിൽക്കുന്ന സന്തോഷം നൽകാത്ത തിരഞ്ഞെടുപ്പുകളും വികാരങ്ങളും ഉപേക്ഷിക്കാനും അനശ്വരമായ ആനന്ദം നൽകുന്ന വികാരങ്ങളെ സ്വീകരിക്കാനും അനശ്വരതയുടെ വെളിച്ചത്തിൽ തിരഞ്ഞെടുപ്പുകളിൽ വിവേകം പുലർത്താനും വി. യൗസേപ്പിനു സാധിച്ചു.

വി. യൗസേപ്പിന് സംഘർഷങ്ങൾക്കിടയിലും ദൈവഹിതം അനുധാവനം ചെയ്യാനും നമ്മെത്തന്നെ നിരുപാധികമായി ദൈവകൃപയ്ക്കു വിട്ടുകൊടുക്കാനും നമ്മെ ശക്തരാക്കാൻ സാധിക്കും. ദൈവഹിതത്തോട് വ്യവസ്ഥകളില്ലാതെ "അതേ" പറയാൻ സംഘർഷങ്ങൾക്കിടയിലും ദൈവഹിതം അനുധാവനം ചെയ്യാനുള്ള ധൈര്യവും നിരാശരാകാതെ എപ്പോഴും ദൈവകൃപയിൽ ആശ്രയിക്കാനുള്ള ആർജ്ജവത്വവും കൂടിയേ തീരൂ. അനുദിന ജീവിത സംഘർഷങ്ങൾക്കിടയിലും "ദൈവഹിതം" മാത്രം എന്ന സുകൃതജപം ഹൃദയസ്പന്ദനതാളമാക്കിയ വി. യൗസേപ്പിന് നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നിലനിൽക്കുന്ന തീവ്രവും ഗുരുതരവുമായ സംഘർഷാവസ്ഥകളെ തരണം ചെയ്ത് ദൈവഹിതത്തിന് വിധേയരാകാൻ നമ്മെ സഹായിക്കാനാകും. പ്രതിസന്ധികൾ എത്ര കഠിനവുമാകട്ടെ അവയ്ക്കു നടുവിലും ദൈവസ്വരം ശ്രവിക്കാനും ദൈവഹിതം അനുവർത്തിക്കാനും ഉള്ള സാധ്യത തുറന്നു കിടക്കുന്നു എന്ന് വി. യൗസേപ്പിന്റെ ജീവിതം നമുക്ക് ഉറപ്പു നൽകുന്നു. അതുകൊണ്ട് നിരാശയുടെ നിഴൽപോലും ഏശാതെ നമുക്കു ദൈവവിളിയുടെ വിവേചനത്തിനായും പരിപോഷണത്തിനായും ഉള്ള നമ്മുടെ പരിശ്രമങ്ങൾ തുടരാം. പൂർണമായി ദൈവകൃപയ്ക്ക് നമ്മെ സമർപ്പിച്ചുകൊണ്ട് അനുദിനം നമ്മോട് സംവദിക്കുന്ന ദൈവത്തിലേക്ക് നമ്മുടെ ആത്മശരീരങ്ങളുടെ ശ്രവണശക്തികളെ തിരിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൈവവിളി പരിപോഷണത്തിൽ ഏവരുടേയും സവിശേഷമായ ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സഭയിൽ വൈദിക ജീവിതത്തിലേക്കും സന്യാസജീവിതത്തിലേക്കും ദൈവവിളികൾ വർദ്ധിക്കുന്നത് പ്രേഷിതപ്രവർത്തനങ്ങൾക്ക് സാധ്യത വർദ്ധിപ്പിക്കുന്നതാണ് എന്നത് ഏവരും തിരിച്ചറിയേണ്ടതാണ്.

സഭയിലെ ദൈവവിളി പ്രോത്സാഹനാർഥമുള്ള യത്നങ്ങളിൽ ക്ഷീണമോ പിന്തിരിയാനുള്ള പ്രലോഭനമോ ബാധിക്കാതെ വി. യൗസേപ്പിന്റെ മാധ്യസ്ഥം നമ്മെ മുന്നോട്ടു നയിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലും ദൈവവിളിയുടെ വിത്തുകൾ പാകപ്പെട്ടിരിക്കുന്നത് കണ്ടെത്താനും അവയ്ക്ക് വെള്ളവും വളവും നൽകി ഫലദായകമാക്കി വളർത്താനും വി. യൗസേപ്പ് പിതാവ് നമുക്ക് ചൈതന്യം പകരട്ടെ. കുടുംബങ്ങളുടെ കാവൽക്കാരനായ വി. യൗസേപ്പ് നമ്മുടെ കുടുംബങ്ങളെ വൈദിക സന്യാസ ദൈവവിളികളുടെ വിളനിലമാക്കി കാത്തുകൊള്ളട്ടെ. കുടുംബങ്ങളിൽ മുളപൊട്ടുന്ന ദൈവവിളികളെ യഥോചിതം സ്വാഗതം ചെയ്ത് പരിപോഷിപ്പിച്ച് വളർത്തി സഭയ്ക്കും മാനവകുലത്തിനും ദൈവത്തിൽ നിന്നുള്ള ഉദാരദാനമായി സമർപ്പിക്കാനുള്ള കൃപ എല്ലാവർക്കും വി. യൗസേപ്പിന്റെ മാധ്യസ്ഥം വഴി ലഭിക്കുമാറാകട്ടെ.

ഒരിക്കൽ ദൈവവിളി സ്വീകരിച്ച് ദൈവത്തോട് “അതേ” പറഞ്ഞവർക്ക് എന്നും ആ വിളിയുടെ വഴികളിൽ പതറാതെ, ഇടറാതെ മുന്നേറാൻ വി. യൗസേപ്പിന്റെ “സജീവവും ഒരിക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മതം” മാതൃകയും പ്രചോദനവും ചൈതന്യദായകശക്തിയുമാകട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി
